ജയിൽ നിരാഹാര സത്യാഗ്രഹം

* ൪൮൯. (൨൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിനുശേഷം സെൻട്രൽ ജയിലിൽ ആരെങ്കിലും നിരാഹാരവ്രതം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം ;

(സി) കാരണമെന്തു് ;

(ഡി) അവ എങ്ങനെ അവസാനിച്ചു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഉണ്ടു്.

(ബി) ശ്രീ. എൻ. ശ്രീകണ്ഠൻനായർ.

(സി) 'ബി' ക്ലാസു തടവുകാരനായി പരിഗണിക്കുന്നതിനുവേണ്ടി.

(ഡി) നിരാഹാരവ്രതം പിൻവലിക്കുകയും 'ബി' ക്ലാസു അനുവദിക്കുകയും ചെയ്തു.

പഞ്ചായത്തു ജഡ്ജിമാർ

* ൪൯൦. (൨൯൦) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പഞ്ചായത്തു ജഡ്ജിമാരേയും ബഞ്ചുമജിസ്ട്രേട്ടന്മാരേയും നോമിനേറ ചെയ്യുന്നതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

പഞ്ചായത്തു ജഡ്ജിമാരുടെയും ബഞ്ചു മജിസ്ട്രേട്ടന്മാരുടെയും ഓരോ ഒഴിവുകളിൽ. നിയമിക്കപ്പെടാൻ യോഗ്യതയും സമ്മതവുമുള്ള മൂന്നാളുകളുടെ പേരുകൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഗവൺമെണ്ടിലേക്കു് റിപ്പോർട്ട് ചെയ്യുന്നതിൽനിന്നു് ഒരാളെ ഗവൺമെണ്ടു നിയമിക്കുന്നു.

ഭക്ഷ്യധാന്യ സബ്സിഡി

* ൪൯൧. (൨൯൧) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യ സബ്സിഡി കുറക്കുന്നതാണെന്നു് ഇൻഡ്യാഗവൺമെണ്ടു് തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടിനെ അറയിച്ചിട്ടുണ്ടോ ;

(ബി) അപ്രകാരം സബ്സിഡി കുറക്കുമെന്നു പറയുവാൻ കാരണം എന്താണെന്നു് പറയാമോ ;

(സി) സബ്സിഡിയിൽ എത്രമാത്രം കുറവു ചെയ്യുമെന്നാണു് പറഞ്ഞിട്ടുള്ളതെന്നു് പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു് കിട്ടിക്കൊണ്ടിരുന്ന സബ്സിഡിയിൽ കേന്ദ്രഗവൺമെണ്ടിന്റെ പുതിയ സബ്സിഡി പദ്ധതി അനുസരിച്ചു കുറവു സംഭവിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രഗവൺമെണ്ടിന്റെ സബ്സിഡിയെക്കുറിച്ച് ഉള്ള നയത്തിൽ വരുത്തിയ ഭേദഗതികൊണ്ട്.

(സി) ഉദ്ദേശം ൨൦൦ കോടി രൂപയോളം കുറവു വന്നേക്കാവുന്നതാണ്.

ഭക്ഷ്യധാന്യ സബ്സിഡി

*൫൨൨. (എ ൪) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യ സബ്സിഡിയിൽ കുറവു വരുത്തരുതെന്ന് ഇൻഡ്യാ ഗവൺമെണ്ടിന്റെ അടുക്കൽ തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ട് നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) അതിനു മറുപടി കിട്ടിയോ ;

(സി) മറുപടി എന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

കമ്മ്യൂണിസ്റ്റ് സംഘടന

*൫൨൩. (എന്ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) കമ്മ്യൂണിസ്റ്റ് സംഘടന നിയമവിരുദ്ധമാക്കിയുള്ള ഉത്തരവു പിൻവലിക്കുന്നതിനെയും, കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ ജയിലിൽനിന്ന് വിട്ടയതിനേയും സംബന്ധിച്ചു ഗവൺമെണ്ട് ഏതെങ്കിലും ആലോചിക്കുന്നുണ്ടോ ;

(ബി) ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവർ ആരെങ്കിലും തടവിലുണ്ടോ ;

(സി) അവരിൽ ഏറ്റവും കൂടുതൽ കാലമായി തടവിൽ കിടക്കുന്നതു് ആരാണ് ; അയാൾ തടവിലായിട്ട് എത്ര കൊല്ലമായി ;

(ഡി) കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കിയതു് ഇൻഡ്യാ ഗവൺമെണ്ടിന്റെ നിർദ്ദേശമനുസരിച്ചാണോ ; അതോ തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിന്റെ സ്വാഭിപ്രായമനുസരിച്ചാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) താഴെ പറയുന്ന എട്ടുപേർ ൧൯൫൫ ഏപ്രിൽ ൪-ാംതു-മുതൽ തടവിലാണ്.

൧. ശ്രീ. ടി. വി. തോമസ്.
൨. ,, വി. എ. സൈമൺ.
൩. ,, പി. ജി. പത്മനാഭൻ.
൪. ,, സി. കെ. വേലായുധൻ.
൫. ,, കെ. ടി. ജയിക്കബ്.
൬. ,, സി. എസ്സ്. രാമകൃഷ്ണൻ.
൭. ,, കെ. ദാസ്സ്.

LIBRARY ARCHIVES Kerala Legislative Assembly